# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3183 - 24/02/2016 ലെ മറുപടിക്ക്

**വിമുക്തഭടൻമാർക്കുളള സമയ ബന്ധിത ഹയർ ഗ്രേഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

| | |
|---|---|
| (എ) 14.09.2015-ലെ സർക്കാർ ഉത്തരവ് (പി) നം. 408/2015/ധന പ്രകാരം ഏത് തീയതി മുതലാണ് സർവ്വീസിലുള്ളതും വിരമിച്ചതുമായ വിമുക്തഭടൻമാർക്ക് സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുള്ളത്. | (എ) മുൻ കാല വാർ/മിലിട്ടറി സർവ്വീസുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ അപ്പീൽ നം. 3136/2015 ൽ ബഹു. സുപ്രീം കോടതിയുടെ 25.03.2015 ലെ വിധിയെ തുടർന്ന് പുറപ്പെടുവിച്ച 14.09.2015 ലെ ജി.ഒ. (പി)നം. 408/2015/ഫിൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ടി കേസുകളിലെ കക്ഷികൾക്ക് പുറമെ ടി ഉത്തരവിന്റെ തീയതിയായ 14.09.2015 ൽ സംസ്ഥാന സർക്കാർ സർവ്വീസിൽ ഉള്ളവരും 14.09.2015 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവരുമായ വിമുക്തഭടന്മാരായ സംസ്ഥാന സർക്കാർ ജീവനക്കാർക്ക്, ടി ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതിയിൽ ലഭിക്കാൻ അർഹതയുണ്ട്. 14.09.2015 ന് മുൻപ് സംസ്ഥാന സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ച വിമുക്തഭടന്മാരായ ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയില്ല. |

| | |
|---|---|
| (ബി)മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളിൽ സാർജെന്റ്, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിന്ന് വിരമിച്ച വിമുക്തഭടൻമാർക്ക് ഈ ഉത്തരവ് പ്രകാരം അവർക്ക് അർഹതപ്പെട്ടിരുന്ന സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | (ബി) 14.09.2015 ലെ ജി.ഒ.(പി)നം. 408/2015/ഫിൻ സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹരായവർ ആരൊക്കെയാണെന്ന് പിരിവ് 'എ' ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പഷ്ടീകരണം അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. |
| (ഡി) ഈ ഉത്തരവ് പ്രകാരം ഇപ്പോൾ സർവ്വീസിലുള്ള വിമുക്തഭടൻമാർക്ക് മാത്രമേ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു വരുന്നുള്ളുവെന്നും ആയതിനാൽ വിരമിച്ചവർക്ക് അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സത്വര നടപടി സ്വീകരിക്കുന്നില്ലായെന്നുള്ള കാര്യം പരിഗണിച്ച് വിരമിച്ചവർക്ക് കൂടി അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) 14.09.2015 ന് മുൻപ് സംസ്ഥാന സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ച വിമുക്തഭടന്മാരായ ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയില്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇത്തരക്കാർക്ക് കൂടി ടി ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയുകയില്ല. |

Nirendhana

സെക്ഷൻ ഓഫീസർ